www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 38 ലക്കം 11 നവംബർ 2023



## മിശിഹായുടെ രാജത്വ തിരുനാൾ




Chavara
Matrimony.com

Chavara Family Welfare Centre
H.O Chavara Cultural Centre, Kochi

# മുതലക്കോടത്ത് മുത്തപ്പൻ






01 വികാരിയച്ചന്റെ സന്ദേശം
03 മുഖമൊഴി
04 ഇടവക വാർത്തകൾ
05 വരുംദിനങ്ങൾ
06 സംഘടനാ വാർത്തകൾ
09 ബൈബിൾ ക്വിസ്
10 വാർഡ് പ്രാർത്ഥന
11 കുടുംബ വാർത്തകൾ
12 തിരുവചനവായനകൾ



Patron Mar George Madathikandathil
Published on First Sunday of everymonth
Phone : 04862 - 222786, 8281717867
E-mail : muthalakodam123@gmail.com



മാനേജിംഗ് എഡിറ്റർ [illegible] Mob : 9447128949
ചീഫ് എഡിറ്റേഴ്സ് [illegible] Mob : 9447512294
[illegible] Mob : 7736377170
[illegible] Mob : 9567056018
എഡിറ്റേഴ്സ് [illegible]


De Paul
Montessori International School
THODUPUZHA
AC CLASS ROOMS
MONTESSORI LAB
INTERNATIONAL TRAINING
2024-25
Admission
Open
Pre-KG, LKG, UKG& CLASS1

# വികാരിയച്ചന്റെ സന്ദേശം



## സത്യത്തിലും ആത്മാവിലുമുള്ള ആരാധന (യോഹ. 4:7-26)

സമരിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണ മദ്ധ്യേ അവളുടെ സംശയത്തിന് ഉത്തരമായി ഈശോ പറഞ്ഞു. ഈ മലയിലോ ജറുസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു. അവളുടെ സംശയം ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി. എന്നാൽ യഥാർത്ഥമായ ആരാധനാസ്ഥലം ജറുസലേമിലാണ് എന്ന് നിങ്ങൾ പറയുന്നു. യേശു പറഞ്ഞത് ആരാധന, സ്ഥലവുമായി ബന്ധപ്പെട്ടതല്ല. സ്ഥലകാല ബന്ധിതമായിരുന്നു പഴയനിയമത്തിൽ ആരാധന. യഹൂദന്മാർക്ക് ജറുസലേം ദേവാലയമായിരുന്നു ഏക ആരാധന കേന്ദ്രം. സമരിയക്കാർ സമരിയായിലെ ഗരിസിം എന്ന സ്ഥലത്ത് ആരാധിച്ചിരുന്നു. ഇന്ന് ലോകം മുഴുവനും ക്രൈസ്തവ ദേവാലയങ്ങളുണ്ട്. അപ്പോൾ ആരാധന സ്ഥലവുമായി ബന്ധപ്പെട്ടതല്ല.

അവളോട് യേശു പറഞ്ഞു നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. ദൈവത്തെക്കുറിച്ച് വെളിപ്പെടുത്തിയത് യേശുവാണ്. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്. (യോഹ. 1:18). പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ദൈവത്തെ വെളിപ്പെടുത്തിയത് യേശുവാണ്. ഈ ജ്ഞാനമാണ് സത്യം. യേശു സത്യം വെളിപ്പെടുത്തി. അതു വെളിപ്പെടുത്തിയത് ഒരു വ്യക്തിയിലൂടെയാണ്. എന്നെ കാണുന്നവൻ ദൈവത്തെ കാണുന്നു. അപ്പോൾ യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തിയ ദൈവത്തെ അറിഞ്ഞ് യേശുക്രിസ്തുവിനെ ദൈവവും രക്ഷകനുമായി സ്വീകരിച്ച് ആരാധിക്കണം. ഇതാണ് സത്യം അറിഞ്ഞുള്ള ആരാധന.

എന്താണ് ആത്മാവിലുള്ള ആരാധന. ജഡത്തിലുള്ള ആരാധനയ്ക്കു വിപരീതമാണത്. കുഷ്ഠരോഗി സാഷ്ടാംഗം വീണ് പ്രാർത്ഥിച്ചു (ലൂക്കാ. 5:12). രക്തസ്രാവക്കാരി അവന്റെ കാല്ക്കൽ വീണു (ലൂക്കാ. 8:47). ആരാധനയ്ക്കായി ചെയ്യുന്ന പ്രവൃത്തികൾ, മുട്ടുകുത്തുക, സാഷ്ടാംഗം പ്രണമിക്കുക, കൈവരിച്ചുപിടിക്കുക തുടങ്ങിയ ശരീരഭാഷകൾ ശരീരം കൊണ്ടുള്ള ആരാധനയാണ്.

ആത്മാവിന്റെ സഹായത്തോടെയുള്ള ആരാധനയാണ് ആത്മാവിലുള്ള ആരാധന. നിയമം ഉള്ളതുകൊണ്ടും നിർബന്ധംകൊണ്ടും പ്രാർത്ഥനയിലും ബലിയിലും പങ്കുകൊള്ളാം. എന്നാൽ സങ്കീർത്തകൻ പറയുന്നു, കർത്താവിന്റെ ആലയത്തിലേക്കു പോകാം എന്നു പറഞ്ഞപ്പോൾ അവർ സന്തോഷിച്ചു. ഇത് ഉൾപ്രേരണയാണ്. ഞാനല്ല എന്നിലുള്ള കൃപ പ്രവർത്തിക്കുന്നു. കൃപ ദൈവത്തിന്റെ ആകർഷണവും

ഉൾപ്രേരണയുമാണ്. എന്നിൽ പ്രവർത്തിക്കുന്ന ശക്തിയാണ്. ആത്മാവിൽ നിന്നുണരുന്ന പരിശുദ്ധാത്മശക്തി. അപ്പോൾ ആരാധന പരിശുദ്ധാത്മാവിന്റെ സഹായത്തോടെയും പ്രേരണയിലും നടക്കുന്നതാണ്.

സത്യം അറിയുന്നവന്റെ ഉള്ളിൽ നിന്ന് ആത്മാവിന്റെ പ്രേരണയിലാണ് ആരാധന നടക്കുന്നത്. ആരാധിക്കുന്നതിന്റെ കാരണം സത്യം അറിഞ്ഞതാണ്. കുർബാനയിൽ പങ്കുചേരുന്നത് സത്യം അറിഞ്ഞതുകൊണ്ടാണ്. സത്യം അറിയുന്നത് വചനത്തിലൂടെയാണ്. വചനത്തിലൂടെ അറിഞ്ഞ സത്യം ബോധ്യമായവർക്കേ ആത്മാവിൽ ആരാധിക്കാൻ കഴിയൂ. സത്യം അറിഞ്ഞ് രക്ഷ അനുഭവിച്ച് രക്തത്താൽ നീതികരിക്കപ്പെട്ടവർക്കുമാത്രം ഉള്ളതാണ് ആരാധന.

എവിടെ നിന്റെ ഭർത്താവ് എന്നു ചോദിച്ചപ്പോഴാണ്, സമറിയാക്കാരി ആരാധനയെക്കുറിച്ച് ചോദിച്ചത്. അവളിൽ ഒരു അനാഥത്വം അനുഭവപ്പെട്ടു. തകർന്ന വ്യക്തിത്വം, നിരാശ, കുറ്റബോധം എല്ലാം കൊണ്ട് അസ്വസ്ഥയായ അവൾ ആരാധനയെക്കുറിച്ച് ചോദിക്കുകയാണ്. അപ്പനെ കണ്ടെത്തുകയാണ് മോചനത്തിനുള്ള മാർഗം. അപ്പനുണ്ടെന്നുള്ള സുരക്ഷിതത്വം എല്ലാ ഭയാശങ്കകളും നീക്കും. ആ അപ്പൻ നമ്മുടെ പിതാവാണ് എന്ന ബോധ്യം എല്ലാറ്റിനും പരിഹാരമാകും.

അവളുടെ മറുപടി, മിശിഹാ വരുമെന്നറിയാം. യേശു പറഞ്ഞു, ഞാൻ തന്നെയാണ് അവൻ. ഞാൻ ഞാൻ തന്നെ, ഞാൻ ആകുന്നു എന്നാണ് പഴയനിയമത്തിൽ ദൈവം മോശയ്ക്കു വെളിപ്പെടുത്തിയത്. അതേ വാക്കുകൾ ഈശോ 9 പ്രാവശ്യം യോഹന്നാന്റെ സുവിശേഷത്തിൽ ഉപയോഗിക്കുന്നുണ്ട്.

ചുരുക്കത്തിൽ യേശുക്രിസ്തുവിനെ രക്ഷകനും ദൈവവുമായി സ്വീകരിച്ച്, പരിശുദ്ധാത്മാവ് നിറഞ്ഞ് പിതാവായ ദൈവത്തെ ആരാധിക്കുന്നതാണ് യഥാർത്ഥ ആരാധന. അത് ഇപ്പോൾ തന്നെയാണ് എന്ന് യേശു പറഞ്ഞു. യേശുക്രിസ്തുവിലൂടെ ത്രിയേകദൈവത്തിനുള്ള ആരാധന സമാഗതമായി. വി. കുർബാന ത്രിത്വാത്മകമാണ്. പിതാവായ ദൈവത്തിന് യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ അർപ്പിക്കുന്ന ആരാധനയാണത്. പിതാവിനേയു പുത്രനേയും പരിശുദ്ധാത്മാവിനേയും ദൈവമായി ആരാധിക്കുന്നു. ത്രിയേക ദൈവത്തിന് ആരാധനയും സ്തുതിയും സ്തോത്രവും സമർപ്പിക്കാം. നമുക്ക് യഥാർത്ഥ ആരാധകരാകാം. ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കാം.

റവ. ഡോ. ജോർജ്ജ് താനത്തുപറമ്പിൽ
വികാരിയച്ചൻ



# മുഖമൊഴി



## മിശിഹായുടെ രാജത്വ തിരുനാൾ

പള്ളിക്കൂദാശകാലത്തിന്റെ അവസാന ആഴ്ചയാണ് തിരുസഭ മിശിഹായുടെ രാജത്വ തിരുനാൾ ആഘോഷിക്കുന്നത്. വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ഒരു രാജാവായിരിക്കും എന്നത് യഹൂദരുടെ ശക്തമായ പാരമ്പര്യം ആയിരുന്നു. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനായ മിശിഹാ ഈശോ ആണെന്നും, ഈ ഈശോ യഥാർത്ഥത്തിൽ ഒരു രാജാവാണെന്നും വ്യക്തമാക്കാൻ സുവിശേഷകനായ മത്തായി മൂന്ന് തെളിവുകൾ നമുക്ക് മുൻപിൽ അവതരിപ്പിക്കുന്നു. ഒന്നാമത്, യഹൂദർക്ക് പിറന്ന രാജാവിനെ കാണാനാണ് പൗരസ്ത്യദേശത്ത് നിന്ന് ജ്ഞാനികൾ വന്നത്. ജ്ഞാനികളുടെ ചോദ്യം മത്തായി 2:2ൽ നമ്മൾ വായിക്കുന്നു. എവിടെയാണ് യഹൂദൻമാരുടെ രാജാവായി ജനിച്ചവൻ? ഈശോ ഒരു രാജാവാണെന്ന് വ്യക്തമാക്കാൻ സുവിശേഷകൻ നൽകുന്ന രണ്ടാമത്തെ തെളിവ് ഈശോയുടെ ജറുസലെമിലേക്കുള്ള രാജകീയ പ്രവേശനം ആണ്. ഒരു കഴുത കുട്ടിയുടെ പുറത്ത് വിനീതനായ രാജാവിനെപ്പോലെ എഴുന്നള്ളുവാനും ദാവീദിന്റെ പുത്രന് ഓശാന എന്ന് സ്തുതിഗീതങ്ങൾ മുഴക്കി ജനങ്ങൾ തന്നെ എതിരേൽക്കുവാനും അവിടുന്ന് അനുവദിച്ചു. ഈശോയുടെ രാജത്വത്തെ വ്യക്തമാക്കാൻ മത്തായി സുവിശേഷകൻ നൽകുന്ന മൂന്നാമത്തെ തെളിവ് ഈശോയുടെ തന്നെ വാക്കുകളാണ്. 27:11-ൽ പീലാത്തോസ് ചോദിച്ചു നീ യഹൂദന്മാരുടെ രാജാവാണോ ? യേശു പറഞ്ഞു ഞാൻ രാജാവാണെന്ന് താങ്കൾ തന്നെ പറയുന്നുവല്ലോ. ഇപ്രകാരം വളരെ ശക്തമായി തന്നെ മത്തായി സുവിശേഷകൻ ഈശോയുടെ രാജത്വത്തെ ചിത്രീകരിച്ചു.

സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്ന ഒരു പ്രധാന പുരോഹിതൻ നമുക്കുണ്ട്. പ്രിയമുള്ളവരേ നമ്മുടെ രാജാവ് സ്വർഗ്ഗത്തിന്റേതാകയാൽ പ്രജകളായ നാമും തീർച്ചയായും സ്വർഗ്ഗത്തിന്റേതാണ്. എന്നാൽ ഒരുപാട് മനസ്സുകളിൽ നിന്ന് സ്വർഗം എന്ന വാക്ക് ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. മാമ്മോദീസയിലൂടെ ക്രിസ്തുവെന്ന രാജാവിനെ സ്വീകരിച്ച നാം സ്വർഗ്ഗത്തിന്റേതാണ്, ലോകത്തിന്റേതല്ല. രാജാവായ ക്രിസ്തു ഒരുക്കുന്ന വിരുന്നാണ് വിശുദ്ധ കുർബാന. ആ സ്നേഹവിരുന്നിൽ ഭക്തിപൂർവ്വം പങ്കെടുത്ത് ദേവാലയം വിടുമ്പോൾ മനസ്സിൽ കുറിച്ചിടാം ക്രിസ്തുവാണ് എന്റെ രാജാവ്. അവന്റെ രാജ്യം സ്വർഗ്ഗമാണ്. ഞാൻ സ്വർഗ്ഗത്തിന്റേതാണ്. ഈശോ നമ്മുടെ രാജാവാണെന്ന് ഓർമ്മിപ്പിക്കുന്ന നല്ല ദിനത്തിന്റെ രാജത്വതിരുനാളിന്റെ പ്രാർത്ഥനാശംസകൾ ഹൃദയപൂർവ്വം നേരുന്നു.

ഒത്തിരി സ്നേഹത്തോടെ

ഫാ. ഡെൽബിൻ കുരീക്കാട്ടിൽ

ഫാ. അലൻ മരുത്വാമലയിൽ




## നന്ദി

കഴിഞ്ഞ ഒരു മാസക്കാലം നമ്മുടെ ഇടവകയിൽ പരിശുദ്ധ അമ്മയോടു ചേർന്ന് ജപമാലയർപ്പിക്കാൻ നാമെല്ലാവരും പള്ളിയിലും മൈക്രോയൂണിറ്റിലും ഒരുമിച്ച് കൂടി. 31-ാം തീയതി വൈകുന്നേരം 6 മണിയ്ക്ക് വി. കുർബാനയും ജപമാല റാലിയും പാച്ചോർനേർച്ചയും നടത്തി. സഹകരിച്ച എല്ലാവർക്കും നന്ദി.

## യൂദിത്ത് നവോമി ഫോറം

നമ്മുടെ ഇടവകയിലെ വിധവകളുടെ കൂട്ടായ്മയായ യൂദിത്ത് നവോമി ഫോറത്തിന്റെ ഉദ്ഘാടനം സെപ്റ്റംബർ 23ന് ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേലിന്റെ സാന്നിദ്ധ്യത്തിൽ നമ്മുടെ വികാരിയച്ചൻ റവ. ഡോ. ജോർജ്ജ് താനത്തുപറമ്പിൽ നിർവഹിച്ചു.

## മിഷൻ പിരിവ്

| നം. | വാർഡ് | | തുക |
|---|---|---|---|
| 1 | പഴുക്കാകുളം കുരിശുപള്ളി | സെന്റ്. വിൻസെന്റ് ഡി. പോൾ | 2550 |
| 2 | നെല്ലിക്കുഴി | സെന്റ്. ഡൊമിനിക് സാവിയോ | 4890 |
| 3 | പഴുക്കാകുളം കിഴക്ക് എ | സെന്റ്. ജോൺ | 5350 |
| 4 | കാരൂപ്പാറ | സെന്റ്. ലിറ്റിൽ ഫ്ളവർ | 3400 |
| 5 | ഞറക്കുറ്റി | സെന്റ്. ഡോൺ ബോസ്കോ | 3600 |
| 6 | താബോർ | സെന്റ് സെബാസ്റ്റ്യൻ | 5620 |
| 7 | ഇടികിട്ടി | സെന്റ് ഫ്രാൻസിസ് സേവ്യർ | 1060 |
| 8 | കുന്നം കിഴക്ക് | സെന്റ് ആഗ്നസ് | 1100 |
| 9 | കുന്നം കുരിശുപള്ളി | വി. ദൈവസഹായംപിള്ള | 2500 |
| 10 | കുന്നം | വി. മരിയ ഗൊരേത്തി | 4060 |
| 11 | ഞരളക്കാട് എ | സെന്റ്. റോസ് | 2400 |
| 12 | ഞരളക്കാട് ബി | സെന്റ്. എവുപ്രാസ്യ | 1600 |
| 13 | പഴുക്കാകുളം കിഴക്ക് ബി | സെന്റ്. ജസ്റ്റിൻ | 2600 |
| 14 | കാഞ്ഞിരംപാറ | വി. യാക്കോബ് | 1050 |
| 15 | കന്നാൽ | സെന്റ്. ഏലിയാസ് കുര്യാക്കോസ് | 4800 |
| 16 | ഉറുമ്പക്കോട് | സെന്റ്. ലൂക്ക് | 6060 |
| 17 | കനാൽ നോർത്ത് | സെന്റ്. ഫ്രാൻസിസ് അസ്സീസി | 2270 |
| 18 | കനാൽ കിഴക്ക് | പാവനാത്മ | 2250 |
| 19 | സഹിയൻസ്യ | സെന്റ്. മാത്യൂസ് | 5500 |

| | | | |
|---|---|---|---|
| 20 | കോണിക്കമ്പ്യാൽ | സേക്രട്ട് ഹാർട്ട് | 4000 |
| 21 | കുന്നം പടിഞ്ഞാറ് | സെന്റ്. ആൻസ് | 7350 |
| 22 | അണ്ണായിക്കണ്ണം | സെന്റ് സ്റ്റീഫൻ | 1800 |
| 23 | ഏഴുമുട്ടം | സെന്റ് പോൾ | 3950 |
| 24 | ചിറക്കണ്ടം | സെന്റ് മദർ തെരേസ | 900 |
| 25 | ശാസ്താംപാറ | സെന്റ് അൽഫോൻസ | 1450 |
| 26 | കൊതകുത്തി | സെന്റ് പീറ്റർ | 1615 |
| 27 | പട്ടയംകവല | സെന്റ് ജോൺ മരിയ വിയാനി | 6600 |
| 28 | ആർഷാമറ്റം | ഹോളി ഫാമിലി | 3000 |
| 29 | സാൻജോ | ഇൻഫന്റ് ജീസസ് | 3380 |
| 30 | മുതലക്കോടം ടൗൺ | സെന്റ്. ഇഗ്നേഷ്യസ് | 4400 |
| 31 | മുതലക്കോടം നോർത്ത് | സെന്റ്. ആന്റണീസ് | 3700 |
| 32 | സ്നേഹാലയം | സെന്റ്. ജോർജ്ജ് | 7140 |
| 33 | മഠത്തിക്കണ്ടം | സെന്റ്. അഗസ്റ്റ്യൻ | 3550 |
| 34 | പെട്ടേനാട് - എ | സെന്റ്. മാർട്ടിൻ | 2800 |
| 35 | പെട്ടേനാട്- ബി | സെന്റ് എവ്രേം | 4400 |
| 36 | മുതലക്കോടം സ്റ്റേഡിയം | സെന്റ്. ജോസഫ് | 2600 |
| 37 | സെന്റ് ജോർജ് ഹൈസ്കൂൾ | സെന്റ്. ജോൺ പോൾ കക | 10700 |
| 38 | മാവിൻച്ചുവട് | മാക്സ് മില്യൻ കോൾബെ | 4900 |
| 39 | വടക്കുംമുറി | സെന്റ്. ബെനഡിക്റ്റ് | 4800 |
| 40 | മഞ്ഞാട്ടുകവല | സെന്റ്. മാർട്ടിൻ ഡി. പോറസ് | 4350 |
| 41 | കാരിക്കോട് | സെന്റ്. തോമസ് | 4900 |
| 42 | മുതലക്കോടം | സെന്റ് മേരീസ് | 7650 |
| 43 | മുതലക്കോടം സൗത്ത് | സെന്റ് മർക്കോസ് | 2500 |
| 44 | തൊണ്ടിക്കുഴ സ്കൂൾ | സെന്റ് റീത്താസ് | 2100 |
| 45 | തൊണ്ടിക്കുഴ എ | സെന്റ് ജൂഡ് | 3500 |
| 46 | പാങ്ങാംപാറ | സെന്റ് ഫ്രാൻസിസ് ഡി സാലസ് | 1750 |
| 47 | തൊണ്ടിക്കുഴ ബി | സെന്റ് പോൾ ആറാമൻ | 2630 |
| | | **ആകെ** | **175075** |

## വരും ദിനങ്ങൾ നവംബർ 2023

| | | |
|---|---|---|
| 03 | വെള്ളി | - ആദ്യവെള്ളി |
| 04 | ശനി | - വി. സഖറിയായും വി. ഏലീശ്വായും |
| 26 | ഞായർ | - മിശിഹായുടെ രാജത്വത്തിരുനാൾ |
| 30 | വ്യാഴം | - അന്ത്രയോസ് ശ്ലീഹാ |




# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

- ഒക്ടോബർ 22 മുതൽ 24 വരെ ബഹുമാനപ്പെട്ട ക്ലിന്റ് എം.സി.ബി.എസ് അച്ചന്റെ നേതൃത്വത്തിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി ധ്യാനം നടന്നു. രാവിലെ 9 മണി മുതൽ 4 മണി വരെ 5 - 12 വരെ ക്ലാസു കളിൽ പഠിക്കുന്ന കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത കുട്ടികൾക്കും കുട്ടികളെ പറഞ്ഞയച്ച മാതാപിതാക്കൾക്കും നന്ദി. ഈ ധ്യാനത്തി ലൂടെ ലഭിച്ച ജ്ഞാനം നിലനിൽക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.
- ഒക്ടോബർ 15-ാം തീയതി കുട്ടികളുടെ ഫസ്റ്റ് സെമസ്റ്റർ പരീക്ഷ നട ന്നു. 10, 12 ക്ലാസുകളിൽ പരീക്ഷ എഴുതാത്തതോ തോറ്റതോ ആയ കുട്ടികൾക്കുള്ള സേ പരീക്ഷ നവംബർ 26-ാം തീയതി ഞായറാഴ്ച പത്തു മണിയുടെ വി. കുർബാനയ്ക്കുശേഷം യു. പി. സ്കൂളിൽ വെച്ച് നടത്തുന്നതാണ്.
- ഒക്ടോബർ 15-ാം തീയതി ഞായറാഴ്ച അധ്യാപകരുടെ ക്വിസ് മത്സരം നടത്തുകയുണ്ടായി.

## ചെറുപുഷ്പ മിഷൻലീഗ്

- രൂപതാ കലോത്സവം - ചെറുപുഷ്പ മിഷൻലീഗ് രൂപതാ കലോത്സവ ത്തിൽ ശാഖയിൽ നിന്നും ഒട്ടനവധി കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. കൂടാതെ കോതമംഗലം രൂപതയിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി ഒന്നാം സ്ഥാനം നേടാനും മുതലക്കോടം ശാഖയ്ക്കു സാധിച്ചു.
- സംസ്ഥാന തല അംഗീകാരം - ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന തലത്തിൽ ശാഖയ്ക്ക് 2022-2023 പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ സിൽവർ സ്റ്റാർ അംഗീകരാം നേടാൻ സാധിച്ചു.
- സ്ഥാപക ദിനം പതാകദിനം - നീണ്ട 76 വർഷം പിന്നിട്ട മിഷൻ ലീഗിന്റെ വാർഷികം ശാഖയിൽ ഗംഭീരമായി ആഘോഷിച്ചു. കൊച്ചു

ത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വനവീകരണം, അസാധാരണ സമ്മേളനം എന്നിവ നടത്തി.

- ഹെയിൽ മേരി മിഷൻ – മിഷൻ ലീഗ് കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഹെയിൽ മേരി മിഷൻ നമ്മുടെ ശാഖയിൽ ഉദ്ഘാടനം നടത്തി. മിഷൻ രൂപതകളെ സമർപ്പിച്ചുകൊണ്ട് രൂപതയിൽ നിന്നും നല്കപ്പെട്ട കൊന്ത ഉപയോഗിച്ച് ജപമാലകൾ ചൊല്ലി.
- റോസാരിയോ - ചെറുപുഷ്പ മിഷൻ ലീഗ് മുതലക്കോടം മേഖലയുടെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ ജപമാല പ്രാർത്ഥനയിൽ ശാഖയിൽ നിന്ന് കുട്ടികൾ പങ്കെടുത്തു.
- സാറ്റർഡേ ഹോളിഡേ - ഒക്ടോബർ മാസം രണ്ടാം ശനിയാഴ്ച കുട്ടികൾ ഏവരും പള്ളിയിൽ ഒത്തുകൂടി മരിയൻ സൊഡാലിറ്റി പ്രാർത്ഥനയും മരിയൻ ജപമാലയും നടത്തി. കൂടാതെ അന്നേദിവസം ബ്ര. എബിൻ പള്ളിക്കുന്നേൽ ക്ലാസും ഗെയിമുകളും കുട്ടികൾക്കായി നടത്തുകയും ചെയ്തു.

## കെ.സി.വൈ.എം.

- കെ.സി.വൈ.എം. മുതലക്കോടം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ദിവ്യരക്ഷാലയത്തിലും കാരിക്കോട് ഗവൺമെന്റ് ഹോസ്പിറ്റലിലും 1600 കിലോ അരി ഇടവകയിൽ നിന്ന് ശേഖരിച്ചുകൊടുത്തു.

## മാതൃവേദി

- ഗ്രാന്റ് പേരന്റ്സ് ഡേ: നമ്മുടെ ഇടവകയിലെ എൺപത് വയസിന് മുകളിലുള്ള മാതാപിതാക്കളുടെ സംഗമത്തിൽ അവരെ കുമ്പസാരിപ്പിക്കുന്നതിനും വി. കുർബാനയിൽ സംബന്ധിക്കുന്നതിനു സഹായിക്കുകയും എല്ലാ ക്രമീകരണങ്ങളും ചെയതുകൊടുക്കുകയും ചെയ്തു. മാതൃവേദി ആനിമേറ്റർ സിസ്റ്ററും ഭാരവാഹികളും യൂണിറ്റംഗങ്ങളും സജീവമായി പങ്കുകൊണ്ടു.
- ജപമാല മാസം - ജപമാലയുടെ ആദ്യ ആഴ്ചയിൽ എല്ലാ ദിവസവും 3.30ന് നിയോഗം വെച്ച് പ്രാർത്ഥിക്കുകയും, രൂപതയിൽ നിന്നുള്ള ഓൺലൈൻ ജപമാലയിൽ മൈക്രോയൂണിറ്റിലും പള്ളിയിലും പ്രാർത്ഥനാ സഹായം അപേക്ഷിച്ച ഏവരുടേയും നിയോഗങ്ങൾ സമർപ്പിച്ച് ഭക്തിപൂർവ്വം ജപമാല അർപ്പിച്ചു.
- കേരളാ ലേബർ മൂവ്മെന്റ് - കഴിഞ്ഞ മാസ സമ്മേളനത്തിൽ കെ.എൽ.എം. പ്രസിഡന്റ് ശ്രീ ബെന്നി പെരികിലത്ത്, കെ.എൽ.എം. ഇൻഷു

റൻസിനെക്കുറിച്ചും സ്ത്രീകൾക്ക് ലഭിക്കാവുന്ന വിവിധ വായ്പാ പദ്ധതികളെക്കുറിച്ചും മാതാക്കൾക്ക് വിശദമായി അവബോധം നല്കുകയും, ഇതിനെ സംബന്ധിച്ചുള്ള മാതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്തു.

- നവംബർ മാസ സമ്മേളനം - 05/11/2023 (ആദ്യഞായർ) ഉച്ചയ്ക്ക് 2 മണിയ്ക്ക് കോൺഫറൻസ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. നവംബർ മാസം മരിച്ചവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന മാസമാണല്ലോ. നമ്മുടെ ഇടവകയിൽ നിന്നും വീടുകളിൽ നിന്നും യൂണിറ്റിൽ നിന്നും മരണം മൂലം വേർപെട്ടുപോയ എല്ലാ പ്രിയപ്പെട്ടവർക്കുവേണ്ടിയും കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കാം.

## കത്തോലിക്കാ കോൺഗ്രസ്

- കർഷക അവാർഡ് :ഇടവകയിലെ മികച്ച രണ്ട് കർഷകർക്ക് അവാർഡ് നല്കുന്നു. സംയോജിത മാതൃകയിൽ കൃഷി ചെയ്യുന്നവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ് ഓഫീസുമായി ബന്ധപ്പെടുക.
- കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തു : സ്മാം പദ്ധതിയിൽ കത്തോലിക്ക കോൺഗ്രസ് ഹെൽപ് ഡസ്ക് വഴി അപേക്ഷ സമർപ്പിച്ചവർക്ക് രണ്ടാം ഘട്ടമായി ലഭിച്ച ഉപകരണങ്ങൾ ഒക്ടോബർ 22-ാം തീയതി ഞായറാഴ്ച ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻ വിതരണം ചെയ്തു.
- സൺഡേ മാർക്കറ്റ് : ഇടവകയിലെ സൂക്ഷ്മ-ചെറുകിട കർഷകരുടെ സൗകര്യാർത്ഥം കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ആരംഭിച്ച പരിപാടിയാണ് സൺഡേ മാർക്കറ്റ്. പ്രസ്തുത വിഭാഗത്തിൽപ്പെട്ട കർഷകരെ പൊതുവിപണിയിലെ ചൂഷണത്തിൽ നിന്ന് ഒരു പരിധി വരെ സംരക്ഷിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഒപ്പം ആവശ്യക്കാർക്ക് ഗുണനിലവാരമുള്ള നാടൻ കാർഷിക ഉൽപ്പന്നങ്ങൾ മിതമായ വിലയിൽ നേരിട്ട് വാങ്ങുവാനും സാധിക്കും. ലാഭം ഉണ്ടാക്കുക എന്നത് ഈ പരിപാടിയിലൂടെ ലക്ഷ്യമല്ല. സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യമായ സമുദായ സേവനത്തിന്റെ ഭാഗമാണ് ഈ പരിപാടി എന്നറിയിക്കുന്നു. ഇടവകാംഗങ്ങളുടെ സമ്പൂർണ്ണ സഹകരണം ഇതിന്റെ വിജയത്തിന് അനിവാര്യമാണ്. രൂപത വിഭാവനം ചെയ്യുന്ന സമുദായ ശാക്തീകരണ പദ്ധതിയിലും ഇത്തരം വിപണികളുടെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. അനാരോഗ്യകരമായ വിമർശനങ്ങൾ ഒഴിവാക്കി ഇടവകയുടെ ഒരു സംരംഭമായി സ്വീകരിച്ച് പരിപാടി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Bible Quiz

ചോദ്യങ്ങൾ അപ്പസ്തോല പ്രവർത്തനങ്ങൾ 14 മുതൽ 28 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.
ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 20

1. തടവറ കാവൽക്കാരൻ ആത്മഹത്യയ്ക്ക് ഒരുങ്ങാൻ കാരണമെന്ത്?
2. പൗലോസും ബർണാബാസും പിരിയാൻ ഇടയാക്കിയ കാരണമെന്ത്?
3. മാൾട്ടായിലെ ജനങ്ങൾക്ക് പത്രോസിനെക്കുറിച്ച് ആദ്യമുണ്ടായിരുന്ന അഭിപ്രായം മാറ്റാൻ കാരണം എന്തായിരുന്നു?
4. ദേശാധിപതിയായിരുന്ന ഫെലിക്സിന്റെ പിൻഗാമി ആരായിരുന്നു?
5. യോഹന്നാന്റെ സ്നാനം എന്ത് എന്നാണ് പൗലോസ് പറയുന്നത്?
6. വേർപിരിഞ്ഞ ശേഷം പൗലോസും ബർണാബാസും എങ്ങോട്ടാണ് പോയത്?
7. തെസലോനിക്കായിൽ വച്ച് പൗലോസിന്റെയും സീലാസിന്റെയും കൂടെ ചേർന്നവരാരൊക്കെ?
8. പൗലോസ് 3 സാബത്തുകളിൽ വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി സംവാദത്തിലേർപ്പെട്ടത് എവിടെ?
9. ആഥൻസിൽ വെച്ച് പൗലോസിന്റെ മനസ്സിൽ വലിയ ക്ഷോഭമുണ്ടാകാൻ കാരണമെന്ത്?
10. മാൾട്ടാ ദ്വീപിലെ പ്രമാണിയാര്?

## കഴിഞ്ഞ ലക്കം ഉത്തരങ്ങൾ

1. വി. ലൂക്കായുടെ സുവിശേഷം
2. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയിലെ അതിർത്തികൾ വരെയും ശിഷ്യന്മാർ ഈശോയ്ക്ക് സാക്ഷികളായിത്തീരും.
3. ഒരു സാബത്തുദിവസത്തെ യാത്രാദൂരം
4. മത്തിയാസ്
5. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ അപ്പസ്തോലന്മാർ സംസാരിച്ചപ്പോൾ അവിടെ ഒരുമിച്ചുകൂടിയ ജനം താന്താങ്ങളുടെ മാതൃഭാഷയിൽ അത് കേൾക്കാനിടയായി. ഇതിൽ വിസ്മയം പൂണ്ട് ചിലർ വീഞ്ഞുകുടിച്ച് അവർക്കു ലഹരി പിടിച്ചിരിക്കയാണെന്ന് പറഞ്ഞു.
6. ഐനയാസ് എന്ന തളർവാതരോഗിക്ക്
7. ഫിനിഷ്യാ, സൈപ്രസ്, അന്തോക്യാ എന്നീ പ്രദേശങ്ങൾ വരെ സഞ്ചരിച്ചു.
8. പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും.
9. ബർണബാസ്
10. ഹേറോദേസ്

## ബൈബിൾ ക്വിസ് വിജയികൾ

1. ഗ്രേസി ജോൺ തുറയ്ക്കൽ
2. റോസമ്മ പോൾ കൊച്ചുപറമ്പിൽ
3. സോഫിയ അബ്രാഹം ആക്കപ്പടിക്കൽ
4. മേരി ജോർജ് പാലക്കാട്ട്

B I B L E Q U I Z

# വാർഡ് പ്രാർത്ഥന

| തീയതി | ദിവസം | വാർഡ് | ഭവനം |
|---|---|---|---|
| 13/11/2023 | തിങ്കൾ | പഴുക്കാകുളം കുരിശുപള്ളി<br>സെന്റ് വിൻസെന്റ് ഡിപോൾ | കളപ്പുരക്കുന്നേൽ മാത്യു ജോൺ |
| 13/11/2023 | തിങ്കൾ | താബോർ<br>സെന്റ് സെബാസ്റ്റ്യൻ | പള്ളിക്കുന്നേൽ വിൽസൺ മാത്യു |
| 13/11/2023 | തിങ്കൾ | ഇടിക്കിട്ടി<br>സെന്റ് ഫ്രാൻസിസ് സേവ്യർ | ആനച്ചാലിൽ കുര്യൻ ജോസഫ് |
| 14/11/2023 | ചൊവ്വ | തൊണ്ടിക്കുഴ ബി<br>സെന്റ് പോൾ ആറാമൻ | നെടുമ്പുറത്ത് ജോസ് |
| 14/11/2023 | ചൊവ്വ | കനാൽ<br>സെന്റ് ഏലിയാസ് കുര്യാക്കോസ് | തെക്കേക്കര പി. സി. വർഗീസ് |
| 14/11/2023 | ചൊവ്വ | അണ്ണായിക്കണ്ണം<br>സെന്റ് സ്റ്റീഫൻ | മലേപറമ്പിൽ ലിസി ജോർജ് |
| 15/11/2023 | ബുധൻ | ഏഴുമുട്ടം<br>സെന്റ് പോൾ | പട്ടരുമഠത്തിൽ റ്റോമി |
| 15/11/2023 | ബുധൻ | ചിറകണ്ടം<br>സെന്റ് മദർ തെരേസ | തെക്കേതൊട്ടിയിൽ ജോൺ ചാക്കോ |
| 15/11/2023 | ബുധൻ | ശാസ്താംപാറ<br>സെന്റ് അൽഫോൻസ | ഇടിയനാൽ ചാർളി തോമസ് |
| 20/11/2023 | തിങ്കൾ | കൊതകുത്തി<br>സെന്റ് പീറ്റർ | പുത്തൻപുരയ്ക്കൽ<br>ഏലിക്കുട്ടി വർഗീസ് |
| 20/11/2023 | തിങ്കൾ | ആർപ്പാമറ്റം<br>ഹോളിഫാമിലി | ഇടശേരി ഔസേഫ് ജോസഫ് |
| 21/11/2023 | ചൊവ്വ | സാൻജോ<br>ഇൻഫന്റ് ജീസസ് | അരഞ്ഞാണിയിൽ പോൾസൺ |
| 21/11/2023 | ചൊവ്വ | മുതലക്കോടം ടൗൺ<br>സെന്റ് ഇഗ്നേഷ്യസ് | മുണ്ടയ്ക്കൽ കുര്യാക്കോസ് |
| 22/11/2023 | ബുധൻ | പെട്ടേനാട് എ<br>സെന്റ് മാർട്ടിൻ | താന്നിയ്ക്കൽ ബെന്നി ജോസഫ് |
| 22/11/2023 | ബുധൻ | മുതലക്കോടം സ്റ്റേഡിയം<br>സെന്റ് ജോസഫ്സ് | കിഴക്കേപറമ്പിൽമൈക്കിൾ കെ.ജെ. |
| 22/11/2023 | ബുധൻ | സെന്റ് ജോർജ് ഹൈസ്കൂൾ<br>സെന്റ് ജോൺ പോൾ II | തെക്കേപറമ്പിൽ<br>ബോബൻ കുര്യാക്കോസ് |
| 27/11/2023 | തിങ്കൾ | മാവിൻചുവട്<br>മാക്സ് മില്യൻ കോൾബെ | കുഴിപ്പിള്ളിൽ രാജേഷ് ജോസഫ് |
| 27/11/2023 | തിങ്കൾ | മുതലക്കോടം<br>സെന്റ് മേരീസ് | തൈച്ചേരി സിജോ |

| തീയതി | ദിവസം | വാർഡ് | ഭവനം |
|---|---|---|---|
| 28/11/2023 | ചൊവ്വ | പട്ടയംകവല<br>സെന്റ് ജോൺ മരിയ വിയാനി | തുറയ്ക്കൽപുത്തൻപുരയിൽ<br>ഡായി ജോൺ |
| 28/11/2023 | ചൊവ്വ | മുതലക്കോടം സൗത്ത്<br>സെന്റ് മർക്കോസ് | കൊച്ചുകൊള്ളിയ്ക്കൽ<br>സണ്ണിമോൻ റ്റി. |
| 28/11/2023 | ചൊവ്വ | തൊണ്ടിക്കുഴ സ്കൂൾ<br>സെന്റ് റീത്താസ് | ചക്കാലയ്ക്കൽ നെൽസൺ |
| 29/11/2023 | ബുധൻ | തൊണ്ടിക്കുഴ എ<br>സെന്റ് ജൂഡ് | ആദംകുഴിയിൽ റോയി തോമസ് |
| 29/11/2023 | ബുധൻ | പാറപ്പാറ<br>സെന്റ് ഫ്രാൻസിസ് ഡി സാലസ് | ബിജു മണ്ണംപ്ലിള്ളിക്കുന്നേൽ |



# കുടുംബ വാർത്തകൾ



## നവദമ്പതികൾ

| നം. | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | ജെർലിൻ മാത്യു<br>ലിനു മാത്യു | ആവിമൂട്ടിൽ<br>പ്രാടിയോരത്ത് | മുതലക്കോടം<br>പുറപ്പുഴ | 08/10/202 |
| 02 | വിജയ് വിൻസെന്റ്<br>പൊന്നു | പുലിക്കോട്ടിൽ<br>ചൊവ്വാരൻ | മുതലക്കോടം<br>കാഞ്ഞൂർ | 21/10/202 |
| 02 | എബിൻ ജോൺ<br>ജിജി ജോസ് | പുന്നയ്ക്കപ്പടവിൽ<br>ജിജി ഭവനം | മുതലക്കോടം<br>കലയന്താനി | 23/10/202 |

## നിത്യതയിലേക്ക് വിളിക്കപ്പെട്ടവർ

പോൾ ജോസഫ് (74)
കരിങ്ങാട്ടിൽ
പാറപ്പാറ
മരണം : 02/10/2023

ത്രേസ്യാമ്മ വർക്കി (87)
ചിറാംകുന്നേൽ
പട്ടയംകവല
മരണം : 08/10/2023

മേരി ജോസഫ് (76)
പാറയ്ക്കൽ
ചിറകണ്ടം
മരണം : 21/10/2023

റ്റി. എ. മത്തായി (80)
തേനംമാക്കൽ
മുതലക്കോടം സൗത്ത്
മരണം : 26/10/2023



# തിരുവചന വായനകൾ

## നവംബർ 2023

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>1 യോഹ<br>3:1 – 3<br>മത്താ<br>5:1 – 12 | **2**<br>1 കോറി.<br>15:51 – 58<br>യോഹ<br>11:17 – 27 | **3**<br>ഹെബ്രാ<br>10:11 – 18<br>മത്താ<br>16:5 – 12 | **4**<br>കൊളോ<br>1:21 – 23<br>ലൂക്കാ<br>1:5 – 25 |
| **5**<br>1 കോറി<br>13:1 – 13<br>മത്താ<br>16:13 – 19 | **6**<br>യാക്കോ<br>3:6 – 12<br>ലൂക്കാ<br>20:1 – 8 | **7**<br>ഹെബ്രാ<br>6:1 – 6<br>ലൂക്കാ<br>21:1 – 4 | **8**<br>യാക്കോ<br>1:19 – 25<br>ലൂക്കാ<br>8:26 – 39 | **9**<br>വെളി<br>3:8 – 13<br>മത്താ<br>9:35 – 38 | **10**<br>1 പത്രോ<br>1:13 – 20<br>ലൂക്കാ<br>19:1 – 10 | **11**<br>അപ. പ്രവ<br>10:9 – 16<br>ലൂക്കാ<br>5:1 – 11 |
| **12**<br>ഹെബ്രാ<br>8:1 – 16<br>മത്താ<br>12:1 – 13 | **13**<br>2 കോറി<br>4:11 – 15<br>മത്താ<br>19:16 – 22 | **14**<br>1 കോറി<br>4:1 – 5<br>യോഹ<br>6:47 – 53 | **15**<br>2 കോറി<br>11:7 – 15<br>മർക്കോ<br>10:28 – 30 | **16**<br>2 കോറി<br>11:16 – 21<br>ലൂക്കാ<br>10:8 – 16 | **17**<br>ഗലാ<br>4:12 – 20<br>യോഹ<br>14:1 – 7 | **18**<br>3 യോഹ<br>5:12<br>ലൂക്കാ<br>22:24 – 30 |
| **19**<br>ഹെബ്രാ<br>9:5 – 15<br>യോഹ<br>2:13 – 22 | **20**<br>ഹെബ്രാ<br>13:9 – 16<br>ലൂക്കാ<br>11:1 – 4 | **21**<br>യൂദാ<br>17:25<br>ലൂക്കാ<br>8:1 – 3 | **22**<br>കൊളോ<br>3:22 – 25<br>മത്താ<br>16:21 – 28 | **23**<br>വെളി<br>19:5 – 10<br>മത്താ<br>22:1 – 44 | **24**<br>വെളി<br>19:11 – 16<br>യോഹ<br>18:28 – 37 | **25**<br>വെളി<br>21:9 – 14<br>ലൂക്കാ<br>9:10 – 17 |
| **26**<br>ഹെബ്രാ<br>9:16 – 28<br>മത്താ<br>22:41 – 46 | **27**<br>വെളി<br>4:1 – 11<br>മത്താ<br>6:19 – 21 | **28**<br>1 തെസ<br>4:1 – 8<br>മർക്കോ<br>5:24 – 34 | **29**<br>ഹെബ്രാ<br>1:1 – 4<br>മർക്കോ<br>12:18 – 27 | **30**<br>റോമ.<br>10:9 – 18<br>മത്താ<br>4:18 – 22 | | |




50
Wedding Anniversary Greetings
19-11-1973
K M Joseph & Elsy Joseph
Kunnummel
Compliments from
Sons, Daughter in laws & Grand childrens


സ്നേഹ സ്മരണയ്ക്ക്
18. 11. 2023
കെ. വി. തോമസ്
മരണം 18-11-2022
ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
John : 11-25




Antony Thomas
S/o Thomas - Jomol
Kallukulam
Changanacherry

Tiya Tomy
D/o Tomy - Reni
Maliyekal
Muthalakodam

*With Best Compliments from*

MALIYEKAL
GOLD




അനുഗൃഹീത
വിവാഹങ്ങൾ

m4marry.com

Where *families* find each other

www.m4marry.com | Register for free

Download the App now

9074556554

GIVE A MISSED CALL : 78598 74999